## കോൾഗേറ്റ് പേസ്റ്റ് ഉപയോഗിച്ച് ഡെൻറൽ ഫ്ളൂറോസിസ് ബാധിച്ച കുട്ടിക്ക് നഷ്ടപരിഹാരം

# പല്ലുതേച്ച് രോഗം വരുത്തരുത്

"ഇംഗ്ലണ്ടിലെ എസെക്സിലുള്ള പത്തുവയസ്സുള്ള കുട്ടിക്ക് ഡെൻറൽ ഫ്ളൂറോസിസ് ബാധിച്ചതിനെത്തുടർന്ന് ഉണ്ടായ നിയമനടപടികളിൽ, കോൾഗേറ്റ് കമ്പനിയുടെ ഫ്ളൂറൈഡ് കലർന്ന ടൂത്ത്പേസ്റ്റാണ് കുട്ടിക്ക് രോഗം വരുത്തിയതെന്ന് കണ്ടെത്തുകയും കമ്പനി കുട്ടിക്ക് നഷ്ടപരിഹാരമായി 15,000 ഡോളർ നൽകുകയും ചെയ്തു."

ഉപഭോക്തൃതാല്പര്യത്തിന് മുൻതൂക്കം നൽകുന്ന ഏതാനും പ്രസിദ്ധീകരണങ്ങളിൽ മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ട ഈ വാർത്ത, കോൾഗേറ്റുകാരുടെ പരസ്യം സ്ഥിരം വരുന്ന പത്രങ്ങളൊക്കെ ചവറ്റുകുട്ടയിൽ തള്ളി.

കുട്ടികളുടെ പല്ലുകളുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യാവശ്യമായ ഘടകമാണ് ഫ്ളൂറൈഡ് എന്ന് ചൂണ്ടിക്കാട്ടി ഫ്ളൂറൈഡ് കലർന്ന പേസ്റ്റ് ഇറക്കി അതിന് വലിയ പരസ്യപ്രചാരണം നൽകി കുട്ടികളേയും രക്ഷാകർത്താക്കളേയും വഞ്ചിക്കുന്ന പദ്ധതി കോൾഗേറ്റുൾപ്പെടെ ചില ടൂത്ത്പേസ്റ്റ് കമ്പനികൾ ചെയ്തുതുടങ്ങിയിട്ട് കാലം കുറച്ചായി. ഇത്തരം പേസ്റ്റുകൾ അങ്ങേയറ്റം ദോഷകരമാണെന്ന് ചില സന്നദ്ധസംഘടനാപ്രവർത്തകരും ചെറുപ്രസിദ്ധീകരണങ്ങളും തുടക്കം മുതലേ പറഞ്ഞിരുന്നു. പക്ഷേ, അത്തരം വാദങ്ങൾക്ക് മുഖ്യധാരാപത്രങ്ങൾ ഇടം നൽകിയില്ല.

ഫ്ളൂറൈഡ് പല്ലുകളെ പുഷ്ടിപ്പെടുത്തുന്ന ഒരു ഘടകമാണെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ, വളരെ വളരെ കുറഞ്ഞ മാത്രയിൽ മാത്രം ശരീരത്തിനാവശ്യമുള്ളതും മാത്ര കൂടിയാൽ അതീവഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നതുമായ ഒരു രാസഘടകമാണ് ഫ്ളൂറൈഡ്. ഫ്ളൂറോസിസ്, ക്യാൻസർ എന്നീ രോഗങ്ങൾ ഉണ്ടാക്കാൻ ഫ്ളൂറൈഡ് മിടുക്കനാണ്.

നെല്ലിൻെറ ഉമിയിലും പഴുത്ത മാവിലയിലും പ്രകൃതിദത്തമായ ഫ്ളൂറൈഡ് അടങ്ങിയിട്ടുണ്ട്. തെരഞ്ഞെടുപ്പുകളിൽ ഒരിക്കലും തെറ്റുപറ്റിയിട്ടില്ലാത്ത നമ്മുടെ പൂർവ്വികർ ദന്തശുചീകരണത്തിനായി ഉമിക്കരിയും മാവിലയും തെരഞ്ഞെടുത്തത് വെറുതെയായിരുന്നില്ല.

പക്ഷെ, കൃത്രിമമായി ഫ്ളൂറൈഡ് കലർത്തിയ പേസ്റ്റുകൾ കുട്ടികൾക്ക് ദന്തശുചീകരണത്തിനായ നൽകുമ്പോൾ സംഗതി അപകടകരമാവുന്നു.

ഒരു കുട്ടിക്ക് പല്ലുതേയ്ക്കാൻ ഒരു കപ്പലണ്ടിമണിയുടെ അത്രവരുന്ന പേസ്റ്റേ ഒരു തവണ വേണ്ടൂ. പക്ഷേ, ടി.വി. പരസ്യങ്ങളിൽ കാണുന്ന പരസ്യം അനുകരിച്ച് ടൂത്ത്ബ്രഷിൻെറ മുകളിൽ ഒന്നുരണ്ടു സെ.മീ. നീളത്തിൽ പേസ്റ്റ് എടുത്താണ് കുട്ടികൾ പല്ലുതേയ്ക്കുന്നത്.

പേസ്റ്റുകൾക്ക് ഹൃദ്യമായ രുചിയുണ്ടാകുന്നതിനായി ചില പദാർത്ഥങ്ങൾ ചേർക്കുന്നുണ്ട്. അതുകൊണ്ട് എല്ലാ കുട്ടികളും, പ്രത്യേകിച്ച് അഞ്ചുവയസ്സിൽ താഴെയുള്ളവർ, പേസ്റ്റിൻെറ നല്ലൊരു ഭാഗം വയറ്റിലേക്കിറക്കുന്നുണ്ട്. ഫ്ളൂറൈഡ് കലർന്ന ടൂത്ത്പേസ്റ്റുകൾ ഇങ്ങനെ സ്ഥിരമായി വയറ്റിലേക്കിറക്കുന്നത് അങ്ങേയറ്റം ഗുരുതരമാണ്. മാത്രമല്ല, രാവിലെ ആദ്യമായി വയറ്റിലെത്തുന്നത് ഈ വിഷദ്രവ്യമായിരിക്കും!

ഫ്ളൂറൈഡ് കലർന്ന പേസ്റ്റുകൾ ഒരിക്കലും കുട്ടികൾക്ക് കൊടുക്കാതിരിക്കുക.